ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ൨൦ വർഷം ഗവണ്മെൻറതന്നെ നടത്താമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എ. താണുപിള്ള: മറെറന്തെങ്കിലും വ്യവസ്ഥകൾകൂടി ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെൻറ് മറെറന്തെങ്കിലും കമ്പനികളുടെ മാനേജിംഗ് ഏജൻറ് ആയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇല്ല.

അദ്ധ്യാപകശമ്പളം

* ന്യ വ്യ. (ശ്രീ) ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയിൽ കാണിക്കുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി നൽകുമോ.—

(എ) ഹൈസ്കൂളിലേയും, മിഡിൽ സ്കൂളിലേയും, പ്രൈമറി സ്കൂളിലേയും അണ്ടർ ഗ്രാഡുവേറെറ് അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്താണ്;

(ബി) ഇവയെല്ലാം ഒന്നുപോലെയാകാത്തതിനു വല്ല കാരണവും ഉണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) തിരുവിതാംകൂർ വിഭാഗത്തു ഹൈസ്കൂളിലേയും മിഡിൽ സ്കൂളുകളിലേയും, പ്രൈമറി സ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ ശമ്പളം ൩൦—൯൦, ൩൦, ൫൫—൨൯ രൂപയാണ്. കൊച്ചി വിഭാഗത്തു ൩൦—൬൫ രൂപയാണ്

തിരുവിതാംകൂർ വിഭാഗത്തുള്ള പ്രൈമറി സ്കൂളദ്ധ്യാപകന്മാരുടെ അടിസ്ഥാനശമ്പളം ൨൯ രൂപയാണ് കൊച്ചി വിഭാഗത്തു ൩൦—൫൦ രൂപയും.

(ബി) ഉണ്ട്. ഇവകൾ സംയോജനത്തിനു മുമ്പുള്ള സ്കെയിലുകളാണ്. അവ ഇപ്പോഴും തുടരുന്നു. അതാണ് കാരണം.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിലുകൾ ഒരുപോലെ ആക്കാതിരിക്കാൻ കാരണമുണ്ടോ?

ശ്രീ. എൽ. എം. പൈലി: പല സംഗതികളിലും സംയോജനം നടത്തിയിട്ടില്ല. അതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. അതു നടന്നു കഴിയുമ്പോൾ ഈ സ്കെയിലിനു ഏകീകരണം ഉണ്ടാകുന്നതാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: തിരുവിതാംകൂർ വിഭാഗത്തു ഒരേ യോഗ്യതയിലും ഒരേ തൊഴിലും നോക്കുന്ന അദ്ധ്യാപകന്മാർക്കിതന്നെ മൂന്നുതരം സ്കെയിൽ വ്യത്യിരിക്കുന്നതു എന്തുകൊണ്ടാണ്?

ശ്രീ. എൽ. എം. പൈലി. മുമ്പേയുള്ള ഒരേർപ്പാടാണതു്. അതു ഭേദഗതി ചെയ്യാൻ ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: തിരുവിതാംകൂർ വിഭാഗത്തിലുള്ള അദ്ധ്യാപകന്മാരുടെ അടിസ്ഥാന ശമ്പളം ൩൦ രൂപയാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: ആ കാര്യം ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ചാക്കോ: പ്രൈമറി സ്കൂളിൽനിന്നും മിഡിൽ സ്കൂളിലേക്ക പ്രമോട്ടുചെയ്യുന്ന ഓരോ രൂപ വാങ്ങിക്കുന്ന ചില അദ്ധ്യാപകന്മാർക്ക് പ്രമോഷനശേഷം ഓരോ രൂപയാണ് ശമ്പളം കിട്ടുന്നതെന്ന് ഗവൺമെൻറിനു അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ അറിവില്ല.

ഷെഡ്യൂൽ വകുപ്പു മുന്നേറ്റത്തിനു പണ ഉതവി.

*69 [19] ശ്രീ ടി. പൊന്നയ്യാ: കീഴ് കുറിപ്പിടും വിവരങ്ങൾക്കു ദിനം മുക്കിയ മന്ത്രി അവർകൾ വിടെ പകർവാർകളാക.

(എ) 1951-1952-ൽ തിരുവിതാംകൂർ-കൊച്ചി സമസ്താനത്തിനു ഷെഡ്യൂൽ വകുപ്പു മുന്നേറ്റത്തിനു അനുവദിക്കപ്പെട്ട തൊക എവ്വളവു?

(ബി) ഇന്തത് തൊകൈ എന്നവിതമാക ഇങ്കിലീഷ് മത്തിയ, ഉയർന്ത (Middle and High School) പാടചാലൈ മാണവർകളുക്കു വിനിയോകം ചെയ്യപ്പടുകിന്റതു?

(സി) ഷെഡ്യൂൽ വകുപ്പല്ലാത മറ്റ മാണവർകളുക്കും ഇതിലിരുന്തു പണ ഉതവി ചെയ്തുവരുവതുണ്ടാ?

Sri. P. Balakrishnan Tampi: The question may please be translated as we do not understand Tamil.

Chief Minister **(Sri. C. Kesavan):** I shall read the questions and answers one by one, in English.

(*a*) What is the amount sanctioned for the Financial Year 1951—52 for the advancement of the scheduled castes in the Travancore-Cochin State?

Answer.—The budget allotment for the Department for the advancement of Backward Communities for the financial year 1951—52 is Rs. 12,60,800.

(*b*) How is this amount distributed among the students studying in English Middle and High School classes?

Answer.—The Backward Community students studying in High School and Middle School classes are given grants of Rs. 40 and Rs. 25 each respectively for the purchase of books and clothes.

(*c*) Is this amount being utilised for affording financial aid to students other than scheduled castes?

Answer.—Yes.

Sri. R. K. Ram: Sir, on a point of order. Questions put in Malayalam or English are answered in the respective languages but questions put in Tamil are not answered in that language. I should like to know whether this is in order. I want a ruling on that.

Mr. Chairman: The procedure is perfectly in order.

உയർന്ത കല്ലൂരികളിൽ ഹരിജൻ മാണവർകൾ.

*70 [20] ശ്രീ. ടി. പൊന്നയ്യാ: കീഴ് കുറിപ്പിടും വിവരങ്ങൾക്കു കനം കല്വി ഇലാകാ മന്ത്രി അവർകൾ വിടെ പകർവാർകളാക:

(എ) തിരുവിതാംകൂർ-കൊച്ചി സമസ്താനത്തിൽ ഉയർന്ത കല്ലൂരികളിൽ (Colleges and Universities) ഹരിജൻ മാണവർകൾ ഇന്ത വരുടം പടിത്തു വരുകിന്റാർകളാ?

(ബി) ഇന്ത വരുടം Form VI-ൽ ഒപ്പേറിയ എല്ലാ ഹരിജൻ മാണവർകളുക്കും കല്ലൂരികളിൽ (Colleges) ചേര അനുമതി കിടൈത്തതുണ്ടാ?

LIBRARY ARCHIVES Kerala Legislative Assembly